പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3295** **16.12. 2015-ൽ മറുപടിക്ക്**

**നഗരജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.മമ്മൂട്ടി** | | **ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** | |
| (എ) | നഗരസഭകളിൽ നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; | (എ) | നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുള്ള നഗരസഭകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | നഗരസഭകളിലെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് നഗരജ്യോതി പദ്ധതി. നിലവിലുള്ള വിളക്കുകൾക്ക് പകരമായി വിവിധ അളവുകളിൽ പ്രകാശം നൽകുന്ന എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുക, ആവശ്യകതയ്ക്കനുസരിച്ച് വിളക്കുകളുടെ പ്രകാശം നിയന്ത്രിക്കുക, വിളക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുക എന്നിവയാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) | നഗരജ്യോതി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് M/s കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്. നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ മത്സരാധിഷ്ടിത ദർഘാസിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.യു.ഡി.പിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പിപിപി ആന്യുറ്റി മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത അറിയിച്ചിരുന്ന 37 നഗരസഭകളെ 3 ക്ലസ്റ്ററുകളായി തിരിച്ച് പ്രസ്തുത നഗരസഭകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സരാധിഷ്ടിത ദർഘാസുകൾ ക്ഷണിച്ചിരുന്നു.പ്രസ്തുത ദർഘാസുകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ